പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 270

11.12.2014 ൽ മറുപടിക്ക്

## ഭക്ഷ്യധാന്യസംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ:<br>,, എളമരം കരീം:<br>,, സി.കൃഷ്ണൻ:<br>,, കെ.കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) റേഷൻ ഭക്ഷ്യധാന്യം സംഭരിക്കേണ്ടത് സംബന്ധിച്ച് കേന്ദ്രം പുതുതായി എന്തെങ്കിലും നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ തയ്യാറാകുമോ; അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ പുതിയ നിർദ്ദേശങ്ങൾ നടപ്പാക്കാൻ എന്ത് മാർഗ്ഗമാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്;

(എ), (ബി) & (സി) നിലവിൽ ഓരോ മാസത്തേയ്ക്കും കേന്ദ്രസർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ തലേമാസം അവസാന തീയതിയ്ക്ക് മുൻപായി എഫ്.സി.ഐ യിൽ നിന്നും വിട്ടെടുക്കണമെന്നും മൂന്നു മാസത്തെയെങ്കിലും ഭക്ഷ്യധാന്യവിഹിതം സംഭരിക്കുന്നതിനു വേണ്ടിയുള്ള സ്ഥലം കണ്ടെത്തണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരവും ഭക്ഷ്യസുരക്ഷാ പദ്ധതി ഫലപ്രദമായി ആവിഷ്കരിക്കുന്നതിനും വേണ്ടി മൂന്നുമാസത്തെ ഭക്ഷ്യധാന്യവിഹിതം സംഭരിക്കുന്നതിലേക്കായി അധിക സംഭരണസ്ഥലം കണ്ടെത്താനുള്ള തീവ്ര യജ്ഞത്തിലാണ് സർക്കാർ. നിലവിലുള്ള മൊത്തവ്യാപാരികളുടെ അധികസ്ഥലങ്ങൾ, FCI, SWC, CWC, ഉൾനാടൻ ജലഗതാഗത വകുപ്പ്, സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് സ്ഥാപനങ്ങൾ, എന്നിവയുടെ കൈവശമുള്ള ഗോഡൗണുകൾ ഉപയോഗപ്പെടുത്താനും അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ എന്നിവ വാടകയ്ക്കെടുത്തും സർക്കാർ ഉടമസ്ഥതയിലുള്ള മിച്ചഭൂമികളും പുറമ്പോക്കുകളും പതിച്ചുവാങ്ങി ഗോഡൗണുകൾനിർമ്മിച്ചും അധിക സംഭരണസ്ഥലങ്ങൾ കണ്ടെത്താനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര നിർദ്ദേശാനുസരണം ഭക്ഷ്യ ധാന്യ സംഭരണം നടന്നില്ലെങ്കിൽ റേഷൻ വിഹിതം കുറയ്ക്കാൻ സാദ്ധ്യതയുണ്ടോ; എങ്കിൽ ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) | കേന്ദ്ര നിർദ്ദേശാനുസരണം ഭക്ഷ്യധാന്യ സംഭരണം നടന്നില്ലെങ്കിൽ റേഷൻ വിഹിതം കുറയ്ക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നുംതന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ